**KERALA UNIVERSITY OF FISHERIES & OCEAN STUDIES**
**കേരള ഫിഷറീസ്-സമുദ്രപഠന സർവ്വകലാശാല**
**PANANGAD P.O., KOCHI 682 506, KERALA, INDIA**
Phone: **0484- 2703782, 2700598; Fax: 91-484-2700337;** ***e-mail*:** utypanangad@kufos.ac.in

മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു
150 വർഷം

Document 2023/101/1418 - GENERAL( modified version of 2023/1381/101) - File No. 2021/101/8122
Approved by Registrar on 17/01/2023 14:40:25
http://www.kufos.ac.in/
MVEK-YnD-oqFH-VumrN
KUFOS HQRS,Panangad, Ernakulam

**GA4/8122/2021** തീയതി: **/01/2023**

**<u>ക്വട്ടേഷൻ നോട്ടീസ്</u>**

കേരള ഫിഷറീസ്-സമുദ്രപഠന സർവ്വകലാശാല (കുഫോസ് ആസ്ഥാനം പനങ്ങാട് എറണാകുളം ) യിലെ ആവശ്യത്തിന് **2023 ജനവരി മാസം** മുതൽ ഒരു വർഷകാലയളവിലേക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ ഓട്ടുന്നതിന് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ട്രാവൽ ഏജൻസികൾ/വാഹന ഉടമകളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

**<u>നിബന്ധനകൾ:</u>**

1. പ്രീമിയം കാറുകൾ, എക്കോണമി കാറുകൾ, ഓർഡിനറി കാറുകൾ എന്നിവയുടെ നിബന്ധന അനുസരിച്ചുള്ള റേറ്റ്, പേയ്മെന്റ് സംബന്ധിച്ചനിബന്ധന നിലവിലുള്ള വാഹനങ്ങളുടെ എണ്ണം, വാടക അടിസ്ഥാനത്തിൽ വാഹനങ്ങൾ സർക്കാർ/അർദ്ധസർക്കാർ/സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയത് സംബന്ധിച്ച മുൻ പരിചയം എന്നിവ നിർബന്ധമായും നൽകേണ്ടതാണ്.
2. കോൺട്രാക്ട് അടിസ്ഥാനത്തിൽ ഓട്ടുന്ന വാഹനം എപ്പോഴും നല്ല കണ്ടീഷനിൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ വാഹനം ഓടിക്കുന്ന ഡ്രൈവർമാർ നല്ല പരിചയ സമ്പന്നരായിരിക്കണം.
3. പ്രസ്തുത വാഹനം രണ്ടായിരത്തിപതിനേഴോ അതിനുശേഷമോ ഉള്ള മോഡൽ ആയിരിക്കണം.
4. വാഹന ഉടമകൾ വാഹനത്തിന്റെ എല്ലാ ഡോക്യുമെന്റിന്റെയും ഫോട്ടോ കോപ്പി അറ്റസ്റ്റ് ചെയ്ത് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ആവശ്യപ്പെടുമ്പോൾ വാഹനത്തിന്റെ ഒറിജിനൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഡ്രൈവർമാർക്ക് നിർബന്ധമായും ലൈസൻസും, സ്ഥിരമായ മേൽവിലാസവും, മൊബൈൽഫോണും, ഉണ്ടായിരിക്കേണ്ടതും ആയതിന്റെ വിവരങ്ങൾ കുഫോസിൽ നൽകേണ്ടതുമാണ്.
5. കുഫോസ് ആവശ്യപ്പെടുമ്പോഴെല്ലാം (അവധി ദിവസങ്ങൾ ഉൾപ്പെടെ രാത്രിയും പകലും) വാഹനം ലഭ്യമാക്കേണ്ടതാണ്.
6. ഏതെങ്കിലും കാരണവശാൽ സ്ഥിരവാഹനത്തിന് ഓടാൻ തടസ്സമുണ്ടെങ്കിൽ അംഗീകൃത നിരക്കിലും വ്യവസ്ഥയിലും പകരം വാഹനം ലഭ്യമാക്കേണ്ടതാണ്.
7.വാഹനങ്ങൾ പുറപ്പെടുന്നതും യാത്ര അവസാനിപ്പിക്കുന്നതും കുഫോസിൽ നിന്നും കുഫോസ് വരെയാണ്. അല്ലാതെ ഗ്യാരേജ് മുതൽ കുഫോസ് വരെയും തിരിച്ചും അല്ല. കൂടാതെ കുഫോസ് നിർദ്ദേശിക്കുന്ന രണ്ടു പോയിന്റുകളും തമ്മിൽ ബന്ധിപ്പിച്ച് ട്രിപ്പ് നടത്തേണ്ടി വന്നേക്കാം.
8. വാഹനം കുഫോസിൽ പ്രവേശിച്ചു കഴിഞ്ഞാൽ മീറ്റർ റീഡിങ്ങും സമയവും ഡ്രൈവറുടെ പേരും മൊബൈൽ നമ്പറും ഗേറ്റിലെ രജിസ്റ്ററിൽ പതിക്കേണ്ടതാണ്.
9. യാത്ര അവസാനിച്ച് ഗ്യാരേജിലേക്ക് പോകുമ്പോൾ മീറ്റർ റീഡിങ്ങും സമയവും രജിസ്റ്ററിൽ പതിക്കേണ്ടതാണ്.
10. തെരഞ്ഞെടുക്കപ്പെടുന്ന ട്രാവൽ ഏജൻസികൾ/വാഹന ഉടമകൾ കുഫോസുമായി ഒരു വർഷത്തേക്ക് 200 രൂപ മുദ്രപത്രത്തിൽ കരാർ ഒപ്പിടേണ്ടതാണ്.
11. വാഹനങ്ങൾ നൽകുന്നതിൽ രണ്ട് തവണയിൽ കൂടുതൽ വീഴ്ചവരുത്തുകയോ, ബില്ലിൽ കൃത്രിമം കാണിക്കുകയോ, ജീവനക്കാരോട് ഡ്രൈവർ മോശമായി പെരുമാറുകയോ ചെയ്തതായി ശ്രദ്ധയിൽ പെട്ടാൽ, യാതൊരു മുന്നറിയിപ്പും കൂടാതെ കരാർ റദ്ദാക്കുന്നതും വേണ്ടി വന്നാൽ പോലീസിൽ റിപ്പോർട്ട് ചെയ്യുന്നതുമാണ്.
12. ഏതെങ്കിലും സാഹചര്യത്തിൽ (അവധി ദിനങ്ങൾ ഉൾപ്പെടെ) വാഹനം ലഭ്യമാക്കാത്ത സാഹചര്യത്തിൽ പകരം വാഹനം വാടകയ്ക്ക് എടുത്താൽ അതിന്റെ മുഴുവൻ ചെലവും കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്.
13. വാഹനത്തിന്റെ വാടക മാസത്തിൽ ഒരിക്കൽ നൽകുന്നതാണ്.
14. വാഹനങ്ങളുടെ വാടകയിൽ നിന്നും നിയമാനുസൃത റ്റി.ഡി.എസ്സ്. പിടിക്കുന്നതാണ്.
15. കുഫോസിൽ നിന്നും നൽകുന്ന ലോഗ് ഷീറ്റ് ഓരോ ട്രിപ്പിന്റെയും തുടക്കത്തിലും അവസാനത്തിലും പൂരിപ്പിക്കേണ്ടതും വാഹനം ഉപയോഗിച്ച ഓഫീസറുടെ ഒപ്പ് വാങ്ങേണ്ടതുമാണ്.

16. ഓരോ ദിവസത്തെയും ലോഗ് ഷീറ്റ് വെഹിക്കിൾ ഓഫീസറേയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഏതെങ്കിലും ഓഫിസറേയോ കാണിച്ച് മേലൊപ്പ് വാങ്ങേണ്ടതാണ്.
17. ജില്ലക്ക് പുറത്ത് രാത്രി ഹാൾട്ട് ചെയ്യുന്നതിന് ഡ്രൈവർ ബാറ്റ എത്ര രൂപയുമാണ് എന്ന് ക്വട്ടേഷനിൽ കാണിക്കേണ്ടതാണ്.
18. ക്വട്ടേഷൻ നോട്ടീസിനോടൊപ്പം അനുബന്ധമായി വച്ചിട്ടുള്ള ഫോറത്തിൽ റേറ്റ് നൽകേണ്ടതാണ്.
19.വാഹങ്ങൾ പ്രതിമാസം ശരാശരി സഞ്ചരിക്കേണ്ട ദൂരം പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് പരിശോധിക്കുക , അതിനേക്കാൾ കൂടുതൽ ദൂരം വാഹനങ്ങൾ സഞ്ചരിക്കേണ്ടി വന്നാൽ കിലോമീറ്ററിന് അധികം ഈടാക്കുന്ന തുക പട്ടികയിൽ രേഖപ്പെടുത്തുക .

20. ഈ കരാർ തുടരാനും റദ്ദാക്കാനുമുള്ള അധികാരം രജിസ്ട്രാർ, കുഫോസിൽ നിക്ഷിപ്തമായിരിക്കും.
21. കരാറുകാരന് കുഫോസിലേയ്ക്ക് വാഹനം നൽകാൻ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ ഒരു മാസത്തെ നോട്ടീസിൽ കരാർ അവസാനിപ്പിക്കാവുന്നതാണ്.
22. കരാർ ഉറപ്പിക്കുന്ന വ്യക്തി 5000/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി കെട്ടിവയ്ക്കേണ്ടതാണ്. ആയതു കരാർ കാലാവധിയ്ക്ക് ശേഷം തിരികെ നൽകുന്നതാണ്. കരാർ വ്യവസ്ഥയിൽ എന്തെങ്കിലും വീഴ്ച വരുത്തിയാൽ പ്രസ്തുത സംഖ്യ കണ്ടുകെട്ടുന്നതാണ്.
23. ക്വട്ടേഷനോടൊപ്പം, ഫിനാൻസ് ഓഫീസർ, കുഫോസ് എന്ന പേരിൽ വൈറ്റില മാറാവുന്ന **500** രൂപയുടെ ഡി.ഡി. നിരതദ്രവ്യമായി നൽകേണ്ടതാണ്. ക്വട്ടേഷനുകളിൽ തീരുമാനമെടുത്തതിനു ശേഷം പ്രസ്തുത സംഖ്യ തിരികെ നൽകുന്നതുമാണ്. കരാർ ഉറപ്പിച്ചതിന് ശേഷം കരാറുകാരൻ പിൻമാറുകയാണെങ്കിൽ ഈ സംഖ്യ തിരിച്ചു നൽകുന്നതല്ല.
24. ക്വട്ടേഷനുകൾ സീൽ ചെയ്ത കവറിൽ ക്വട്ടേഷൻ നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തി രജിസ്ട്രാർ, കുഫോസ് എന്ന വിലാസത്തിൽ 31.01.2023 **ന് 3.00** മണിക്കു മുമ്പായി കിട്ടത്തക്ക വിധത്തിൽ നേരിട്ടോ തപാൽ മുഖേനയോ എത്തിക്കേണ്ടതാണ്. കവറിന്റെ മുകളിൽ **കോൺട്രാക്ട് വാഹനം വാടകയ്ക്കുള്ള ക്വട്ടേഷൻ(HQ)** എന്ന് എഴുതിയിരിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേദിവസം **3.30** മണിക്ക് അപ്പോൾ ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. നിശ്ചിത സമയം കഴിഞ്ഞ് ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
25. ക്വട്ടേഷൻ സ്വീകരിക്കാനും സ്വീകരിക്കാതിരിക്കാനും ഉള്ള അധികാരം രജിസ്ട്രാർ, കുഫോസിൽ നിക്ഷിപ്തമാണ്.
26. കരാറുകാരൻ നിയോഗിക്കുന്ന ഡ്രൈവർമാർ ജോലി സമയത്ത് യൂണിഫോം ധരിക്കേണ്ടതാണ് (യൂണിഫോമിനായി ചിലവാകുന്ന തുക കരാറുകാരൻ വഹിക്കേണ്ടതാണ് )
27. കരാറുകാരൻ നിയോഗിക്കുന്ന ഡ്രൈവർമാരുടെ ബയോഡേറ്റയും പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റും ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിന് മുൻപ് സമർപ്പിക്കേണ്ടതാണ്

രജിസ്ട്രാർ i/c
കുഫോസ്

To:NB/Programmer/Firms
Copy to:PS to VC /PA to Reg/V.O/V.S

**കുഫോസിൽ വാടകയ്ക്ക് വാഹനങ്ങൾ നൽകുന്നതിനുള്ള ക്വട്ടേഷൻ**

| ക്രമ നമ്പർ | വാഹനങ്ങളുടെ വിവരം മോഡൽ | വിവരങ്ങൾ | ലഭ്യമായ വാഹനങ്ങളുടെ എണ്ണം | ജില്ലയ്ക്ക്പുറത്ത് ഹാൾട്ട് ചെയ്യുന്നതിന് ഡ്രൈവർ ബാറ്റ | ശരാശരി പ്രതിമാസം സഞ്ചരിക്കേണ്ട ദൂരം | ശരാശരി പ്രതിമാസം സഞ്ചരിക്കേണ്ട ദൂരത്തിനേക്കാളും അധികം സഞ്ചരിച്ചാൽ ഈടാക്കുന്ന തുക പ്രതി കിലോമീറ്ററിൽ രേഖപ്പെടുത്തുക |
|---|---|---|---|---|---|---|
| 1. | **Car** | **5 Seater (AC)** | | | **2000 km** | |

Document 2023/101/1418 - GENERAL( modified version of 2023/1381/101) - File No. 2021/101/8122
Approved by Registrar on 17/01/2023 14:40:25
http://www.kufos.ac.in/
MVEK-YnD-oqFH-VumrN
KUFOS HQRS,Panangad, Ernakulam

| | | | | | | |
|---|---|---|---|---|---|---|
| 1. | **Innova** | **7 Seater (AC)** | | | **2000 km** | |
| 1. | **Other than Innova** | **7 Seater (AC)** | | | **2000 km** | |
| 1. | **Traveller** | **14/17/19 Seater (Ac/non Ac)** | | | **500 km** | |
| 1. | **Mini Bus** | **32/37 Seater** | | | **1000 km** | |
| 1. | **AC Air bus (for study tour)** | **52 Seater push back or not** | | | **NA** | |
| 1. | **Volvo/Scania (for study tour)** | **52 Seater push back or not** | | | **NA** | |
| 1. | **Goods vehicle (four wheeler)** | **Ace** | | | **NA** | |
| 1. | **Goods vehicle (Three wheeler)** | **Ape** | | | **NA** | |

ഒപ്പ്:

പേര്:

മേൽവിലാസം:

Document 2023/101/1418 - GENERAL( modified version of 2023/1381/101) - File No. 2021/101/8122
Approved by Registrar on 17/01/2023 14:40:25
http://www.kufos.ac.in/
MVEK-YnD-oqFH-VumrN
KUFOS HQRS,Panangad, Ernakulam

*Panangad P.O. 682 506, kochi, Kerala, India. Phone : 91 484 2700964; Fax : 91 484 2700337 Email :- utypanangad@kufos.ac.in*